പുതിയ ടെക്നോപാർക്കുകൾ

188 (8024) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ ടെക്നോപാർക്കുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

പദ്ധതികൾക്ക് ഐ.ടി. മിഷന് ലഭിച്ച തുക

189 (8025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഐ.ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്ത് നിന്നും ഐ.ടി. മിഷന് 2013-14-ൽ എന്ത് തുക ലഭിച്ചുവെന്നും ഇതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഐ.ടി മിഷന് ലഭിക്കുന്ന തുക ഏതൊക്കെ ബാങ്കുകളിലാണ് നിക്ഷേപിക്കുന്നതെന്നുള്ളതിന്റെ വിശദാംശം നൽകുമോ ;

(സി) ഐ.ടി മിഷന് ലഭിക്കുന്ന തുക ചെലവഴിക്കാതിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ഐ.ടി. മിഷന്റെ വിവിധ പദ്ധതികൾക്കായി 69.87 കോടി രൂപ വകയിരുത്തിയതിൽ നിന്നും 36.80 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ആ തുക പൂർണ്ണമായും വിനിയോഗിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽനിന്നും 2013-14-ൽ ഒരു തുകയും നേരിട്ട് വകയിരുത്തിയിരുന്നില്ല. എന്നാൽ ആധാർ പദ്ധതിക്കായി UIDAI-ൽനിന്നും 16.11 കോടി രൂപ ലഭിച്ചതിൽ 4.37 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്ന തുക സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുകകൾ ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അതാത് പദ്ധതികളുടെ പേരിൽ ദേശസാൽകൃത ബാങ്കുകളിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

(സി) 2013-14-ൽ ഐ.ടി. മിഷന് അനുവദിച്ച 36.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly